**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 615

09.07.2014-ലെ മറുപടിയ്ക്ക്

# സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, പി.എ.മാധവൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>(ബി) സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (എ) യും (ബി) യും (സി) യും സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തിര പ്രാധാന്യമുള്ള പരാതികളിൽ പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളിൽ നിന്നും വിഭിന്നമാകയാൽ സഹകരണ വകുപ്പിലെ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർ നടത്തുന്ന സ്റ്റാറ്റ്യൂട്ടറി അന്വേഷണം/പരിശോധന കൊണ്ടു മാത്രമേ അത്തരം ക്രമക്കേടുകളും അഴിമതിയും തടയാൻ കഴിയുകയുള്ളൂ എന്നതിനാലും പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാർ ഇപ്പോൾ നടത്തുന്ന അന്വേഷണമല്ല, മറിച്ച് സഹകരണ നിയമങ്ങളും ചട്ടങ്ങളും പാലിച്ചാണോ സഹകരണ ബാങ്കുകൾ/സൊസൈറ്റികൾ ഇടപാട് |

നടത്തുന്നത് എന്നത് സംബന്ധിച്ചുള്ള പരിശോധനയാണ് വിജിലൻസ് വിങ് നടത്തേണ്ടത് എന്നതിനാലും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി സഹകരണ വിജിലൻസ് വിങ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ